## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2880

13.03.2020-ൽ
മറുപടിയ്ക്ക്

### ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായ ഭവന സമുച്ചയത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ. ഐ.ബി. സതീഷ്

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മാണോത്ഘാടനം കഴിഞ്ഞ ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കുന്ന പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിയ്ക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ)യും (ബി)യും (സി)യും കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 2019-20 സാമ്പത്തിക വർഷം 374 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.